श्रीशङ्कराचार्यसंस्कृतसर्वकलाशाला,कालटी

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി**

**സംഗ്രഹം**

അക്കാദമിക് വിഭാഗം- ബി.എഫ്.എ പ്രോഗ്രാമിലെ സ്പെഷ്യലൈസേഷൻ കോഴ്സുകളിലേയ്ക്കുള്ള വിദ്യാർത്ഥി പ്രവേശനം- നിലവിലുള്ള റഗുലേഷനിൽ മാറ്റം വരുത്തുന്നതിന്- സിൻഡിക്കേറ്റ് തീരുമാനം നടപ്പിൽ വരുത്തി ഉത്തരവായിരിക്കുന്നു.

**അക്കാദമിക് ബി വിഭാഗം**

02041 / ACDB2 / SSUS / 2023 (1) തീയതി, കാലടി, 21-08-2023

പരാമർശം : 1. ഒന്നാം വർഷ ബി.എഫ്.എ വിദ്യാർത്ഥികളുടെ സ്പെഷ്യലൈസേഷൻ ക്രമീകരണവുമായി ബന്ധപ്പെട്ട് സർവ്വകലാശാലയിലെ SFI യൂണിറ്റ് സമർപ്പിച്ച അപേക്ഷ.

2. 11.07.2023 ലെ വകുപ്പ് മേധാവിയുടെ കത്ത്.

3. 05.08.2023 ന് കൂടിയ 210-ാമത് സിൻഡിക്കേറ്റ് യോഗം തീരുമാനം,ഐറ്റം നം.14

**ഉത്തരവ്**

2022 ബാച്ച് ബി.എഫ്.എ വിദ്യാർത്ഥികളുടെ സ്പെഷ്യലൈസേഷൻ ക്രമീകരണവുമായി ബന്ധപ്പെട്ട് സർവ്വകലാശാലയിലെ SFI യൂണിറ്റ് അപേക്ഷ സമർപ്പിച്ചിരുന്നു. മൂന്നാം സെമസ്റ്ററിലെ ബി.എഫ്.എ സ്പെഷ്യലൈസേഷനായ പെയ്ന്റിംഗ് താത്പര്യപ്പെടുന്ന വിദ്യാർത്ഥികളുടെ എണ്ണം താരതമ്യേന വളരെ കൂടുതലായതിനാൽ, പ്രസ്തുത കോഴ്സിന്റെ സീറ്റ് 15 ൽ നിന്നും 20 ആയി വർദ്ധിപ്പിക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

Painting, Mural Painting, Sculpture എന്നീ B.F.A specialisation-കളിൽ തുല്യമായ സീറ്റുകൾ, വിദ്യാർത്ഥികൾക്ക് ഒന്ന്, രണ്ട് സെമസ്റ്ററുകളിൽ ലഭിച്ച ഗ്രേഡുകളുടെ അടിസ്ഥാനത്തിൽ, മുൻഗണന അനുസരിച്ച് നൽകുന്നതിനാണ് ബി.എഫ്.എ റെഗുലേഷൻ നിഷ്ക്കർഷിക്കുന്നത്.

പരാമർശം(2) പ്രകാരമുള്ള വകുപ്പ് മേധവിയുടെ ശിപാർശ പരിഗണിച്ച് കാലടി മുഖ്യകേന്ദ്രം 2022 പ്രവേശനം ബി.എഫ്.എ വിദ്യാർത്ഥികളുടെ സ്പെഷ്യലൈസേഷൻ കോഴ്സായ പെയ്ന്റിംഗ്-ന്റെ സീറ്റ് നില 20 ആയി വർദ്ധിപ്പിക്കുന്നതിന് ബഹു. വൈസ് ചാൻസലർ ഉത്തരവായിരുന്നു.

മേൽ ഉത്തരവിന്റെ അതിസ്ഥാനത്തിൽ ബി.എഫ്.എ പ്രോഗ്രാമിലെ സ്പെഷ്യലൈസേഷൻ കോഴ്സുകളിലേയ്ക്കുള്ള വിദ്യാർത്ഥി പ്രവേശനവും സീറ്റ് വിഭജനവും അനുവദിച്ച സീറ്റുകൾക്കുള്ളിൽ നിലനിർത്തി വിദ്യാർത്ഥികളുടെ താത്പര്യം, ലഭ്യത കൂടി പരിഗണിച്ച് നടത്തുന്നതിന് നിലവിലുള്ള റഗുലേഷനിൽ മാറ്റം വരുത്തുന്ന വിഷയം സിൻഡിക്കേറ്റിന്റെ തീരുമാനത്തിനും പരിഗണനയ്ക്കായും സമർപ്പിച്ചിരുന്നു.

പരാമർശം(3) പ്രകാരമുള്ള സിൻഡിക്കേറ്റ് മേൽ വിഷയം പരിഗണിക്കുകയും, ബി.എഫ്.എ പ്രോഗ്രാമിലെ സ്പെഷലൈസേഷൻ കോഴ്സുകളിലേക്കുള്ള വിദ്യാർത്ഥി പ്രവേശനവും സീറ്റ് വിഭജനവും അനുവദിച്ച സീറ്റുകൾ ക്കുള്ളിൽ നിലനിർത്തി വിദ്യാർത്ഥികളുടെ താൽപര്യം, ലഭ്യത എന്നിവ കൂടി പരിഗണിച്ച് നടത്തുന്നതിന് നിലവിലുള്ള റഗുലേഷനിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചു.

പ്രസ്തുത സിൻഡിക്കേറ്റ് തീരുമാനം നടപ്പിലാക്കി ബഹു.വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**

**ഡോ ഗോപാലകൃഷ്ണൻ എം ബി**

**രജിസ്ട്രാർ**

സ്വീകർത്താവ്

1. അജീഷ് കെ.എം., SFI യൂണിറ്റ് ,എസ്.എസ്.യു.എസ്, കാലടി
2. വകുപ്പ് മേധാവി, പെയിന്റിംഗ്, കാലടി
3. പരീക്ഷ സി വിഭാഗം , അക്കാദമിക് സി വിഭാഗം
4. വിസി/പി.വി.സി/രജിസ്ട്രാർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
5. ഡി.ആർ /എ.ആർ(അക്കാദമിക് / പരീക്ഷ വിഭാഗം)
6. എസ്.എഫ്/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

Signature Valid

Digitally signed by Ahamed Kutty P P

Date: 2023-08-21 16.00.06 +0530

സെക്ഷൻ ഓഫീസർ